**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 2** **23-01-2025 - ൽ മറുപടിയ്ക്ക്**

**എക്സൈസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)** | |
| (എ) | എക്സൈസ് വിഭാഗത്തെ ആധുനികവത്കരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) | എക്സൈസ് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി 15 വർഷം കാലപ്പഴക്കം വന്ന വാഹനങ്ങൾ പിൻവലിച്ച് പുതിയ 66 മഹേന്ദ്ര ബൊലോറോ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. എക്സൈസ് വകുപ്പിലെ ആശയ വിനിമയം വേഗത്തിലാക്കുന്നതിനായി എറണാകുളം പാലക്കാട് ജില്ലകൾക്ക് പുറമേ ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽ കൂടി ഡിജിറ്റൽ വയർലെസ്സ് സിസ്റ്റം സ്ഥാപിച്ചു. എക്സൈസ് വകുപ്പിന്റെ ആയുധശേഷി വർദ്ധിപ്പിക്കുന്നതിനായി പിസ്റ്റലുകളും തിരകളും വാങ്ങിയിട്ടുണ്ട്. കണ്ടെടുക്കുന്ന കേസുകളിലെ ശാസ്ത്രീയമായ അന്വേഷണം സുഗമമാക്കുന്നതിനായി ആധുനിക സൗകര്യങ്ങളോട് കൂടിയ നാല് ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിച്ചു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിനായി മയക്കുമരുന്നിന്റെ ഉപയോഗം തിരിച്ചറിയാൻ സഹായിക്കുന്ന 1700 ഡ്രഗ്ഗ് ഡിറ്റക്ഷൻ കിറ്റുകളും കണ്ടെടുക്കുന്ന മയക്കുമരുന്നിന്റെ തരം തിരിച്ചറിയുന്നതിനുള്ള 144 കിറ്റുകളും വാങ്ങി.<br><br>എക്സൈസ് വകുപ്പിന്റെ സൈബർ സെല്ലിനെ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ കണ്ടു പിടിച്ച് തടയുന്നതിനുള്ള പ്രത്യേക പരിശീലന പരിപാടികൾ കേരള പോലീസുമായി സഹകരിച്ച് നടത്തുകയും അന്വേഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി ആധുനിക സൈബർ ഫോറൻസിക് ഉപകരണങ്ങളും സിഡിആർ അനലൈസറുകളും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. |

ചെക്ക്പോസ്റ്റുകൾ സുതാര്യമാക്കുന്നതിനായി പ്രധാനപ്പെട്ട ചെക്ക്പോസ്റ്റുകളിൽ സിസിടിവി സിസ്റ്റവും അത് പരിശോധിക്കുന്നതിനുള്ള കേന്ദ്രീകൃത മോണിറ്ററിങ് സംവിധാനവും സ്ഥാപിച്ചു. അന്യസംസ്ഥാനങ്ങളിൽ നിന്നും ചെക്ക്പോസ്റ്റുകളെ ഒഴിവാക്കി കേരളത്തിലേയ്ക്ക് മദ്യം, മയക്കുമരുന്ന് തുടങ്ങിയവ കടത്തുന്നത് തടയുന്നതിനായി കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെമു) എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന നാല് മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കാലപ്പഴക്കം കൂടിയ കൂട്ടുപ്പുഴ, വാളയാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ കണ്ടെയിനർ മൊഡ്യൂളുകൾ മാറ്റി സ്ഥാപിച്ചു.

ഓഫീസ് പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി വേഗത്തിലാക്കുന്നതിനായി വകുപ്പിലെ പഴക്കം ചെന്ന കംപ്യൂട്ടറുകൾ മാറ്റുകയും നിലവിൽ ജില്ലാതല ഓഫീസുകൾ വരെ നടപ്പിലാക്കിയിട്ടുള്ള ഇ-ഓഫീസ് സംവിധാനം റേഞ്ച്, സർക്കിൾ തലം വരെ വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു.

എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ലാത്തി, ഹാൻഡ് കഫ്, കുട, റെയിൻ കോട്ട്, ടോർച്ച്, സിഗ്നൽ ലൈറ്റ് ബാറ്റൺ, ട്രാഫിക് കോൺ, റിഫ്ളക്ടീവ് ജാക്കറ്റ്, ബീച്ച് അംബ്രല്ല, ടേപ്പ്, അണ്ടർ വെഹിക്കിൾ മിറർ മുതലായവ ഫീൽഡ് ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ട്. അബ്കാരി /എൻ ഡി പി എസ് കേസുകളിൽ പിടിക്കുന്ന വാഹനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനായി എറണാകുളം ജില്ലയിൽ മാമല എക്സൈസ് റെയിഞ്ച് ഓഫീസിൽ ഒരു വെഹിക്കിൾ യാർഡ് സ്ഥാപിച്ചു. ഓഫീസുകളുടെ പ്രവർത്തനം സുതാര്യമാക്കുന്നതിനും തൊണ്ടി സാധനങ്ങൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനും പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പിക്കുന്നതിനും കേരളത്തിലെ 86 എക്സൈസ് റേഞ്ച് ഓഫീസുകൾ കെൽട്രോൺ മുഖാന്തരം സിസിടിവി സിസ്റ്റം സ്ഥാപിച്ചിട്ടുണ്ട്. എക്സൈസ് വകുപ്പിലെ ഐടി സെല്ലിനെ ശക്തിപ്പെടുത്തുന്നതിനായി ഉദ്യോഗസ്ഥർക്ക് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റി മുഖാന്തിരം പരിശീലനം നൽകുകയും സെല്ലിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി മാക് ബുക്ക്, ഐമാക് കംപ്യൂട്ടറുകളും ഹൈഎന്റ് ഡെസ്ക് ടോപ്പുകളും വാങ്ങി നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഈ സർക്കാരിന്റെ കാലത്ത് കള്ള്

| | | | |
|---|---|---|---|
| | | | ഷാപ്പുകളുടെ വിൽപ്പന അടക്കം വകുപ്പ് നൽകുന്ന എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ ഇതുവരെ എക്സൈസ് വിഭാഗം പിടിച്ചെടുത്ത മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും വിശദാംശം നൽകാമോ; | (ബി) | ഈ സർക്കാരിന്റെ കാലയളവിൽ 2024 ഡിസംബർ 31 വരെ, സംസ്ഥാനത്ത് എക്സൈസ് വകുപ്പ് കണ്ടെടുത്ത അബ്കാരി കേസുകളിൽ ആകെ 78,534.05 ലിറ്റർ സ്പിരിറ്റ്, 22,932.865 ലിറ്റർ ചാരായം ,1,89,667.55 ലിറ്റർ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം , 12,12,297.60 ലിറ്റർ വാഷ് ,10,796.675 ലിറ്റർ അരിഷ്ടം, 9,211.33 ലിറ്റർ ബിയർ, 64,165.99 ലിറ്റർ കള്ള് , 58,940.76 ലിറ്റർ അന്യ സംസ്ഥാന മദ്യം, 11,215.95 ലിറ്റർ അനധികൃത മദ്യം, 15,505.625 ലിറ്റർ വൈൻ എന്നിവയും, സംസ്ഥാനത്ത് കണ്ടെടുത്ത എൻഡിപിഎസ് കേസുകളിൽ ആകെ 13,656.635 കിലോഗ്രാം കഞ്ചാവ്, 24,537.564 ഗ്രാം എംഡിഎംഎ, 8,367 എണ്ണം കഞ്ചാവ് ചെടികൾ, 47.987 ഗ്രാം എൽഎസ്ഡി, 58,530.072 ഗ്രാം ഹാഷിഷ് ഓയിൽ, 692.090 ഗ്രാം ബ്രൗൺ ഷുഗർ, 2,108.069 ഗ്രാം ഹെറോയിൻ, 3,086.969ഗ്രാം നർക്കോട്ടിക്ക് ഗുളികകൾ എന്നിവയും തൊണ്ടി മുതലായി പിടിച്ചെടുത്തിട്ടുണ്ട് . |
| (സി) | പിടിച്ചെടുക്കപ്പെട്ട ലഹരി വസ്തുക്കൾ നശിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ; | (സി) | പിടിച്ചെടുക്കപ്പെട്ട ലഹരി വസ്തുക്കളിൽ ഉൾപ്പെട്ട മയക്കു മരുന്നുകൾ , കഞ്ചാവ് തുടങ്ങിയ ലഹരി വസ്തുക്കൾ കോടതിയിൽ ഹാജരാക്കിയ ശേഷം 1985 ലേ Narcotic Drugs and Psychotropic Substances Act, ലെ 52A വകുപ്പ് പ്രകാരം കോടതിയുടെ സാന്നിദ്ധ്യത്തിൽ അവയുടെ വിശദമായ ഇൻവെന്ററി തയ്യാറാക്കുകയും, ഫോട്ടോ ചിത്രീകരിക്കുകയും ചെയ്യുന്നു. കൂടാതെ മയക്കു മരുന്നുകളിൽ നിന്ന് ആവശ്യമെങ്കിൽ representative sample ശേഖരിക്കും. ടി ഇൻവെന്ററി, ഫോട്ടോഗ്രാഫുകൾ എന്നിവ മജിസ്ട്രേറ്റിനെക്കൊണ്ട് സാക്ഷ്യപ്പെടുത്തി വാങ്ങിയ ശേഷം അവ കോടതിയുടെ അനുമതിയോടെ അതാത് ജില്ലകളിലെ Narcotic Drugs and Psychotropic Substances and Conveyances Disposal Committee മുമ്പാകെ ഹാജരാക്കുകയും തുടർന്ന് ഈ കമ്മിറ്റി അവയെ പ്രകൃതിയ്ക്ക് ദോഷം വരാത്ത വിധത്തിൽ നശിപ്പിച്ച ശേഷം ഡിസ്പ്പോസൽ സർട്ടിഫിക്കറ്റ് കോടതിയിൽ ഹാജരാക്കും.<br><br>തൊണ്ടി മുതലായി പിടിച്ചെടുക്കുന്ന ലഹരി വസ്തുക്കളായ ഇന്ത്യൻ നിർമ്മിത വിദേശ മദ്യം വിദേശനിർമ്മിത വിദേശ മദ്യം, സ്പിരിറ്റ്, കള്ള് , ചാരായം, അരിഷ്ടം, വ്യാജമദ്യം എന്നിവ അബ്കാരി |

| | | | |
|---|---|---|---|
| | | | ആക്ടിലെ 67 വകുപ്പ് പ്രകാരം നിശ്ചയിച്ചിട്ടുള്ള അധികാരപ്പെട്ട ഉദ്യോഗസ്ഥന്റെ മുൻപാകെ ഹാജരാക്കുകയും അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അവ പരിശോധിച്ച് അവയുടെ വിശദമായ ഇൻവെന്ററി തയ്യാറാക്കുകയും ഫോട്ടോ ചിത്രീകരിക്കുകയും ചെയ്യും. ആവശ്യമെങ്കിൽ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ representative sample ശേഖരിക്കുകയും ചെയ്യുന്നു. അതിനുശേഷം ടി ഇൻവെന്ററി , ഫോട്ടോഗ്രാഫുകൾ എന്നിവ ബന്ധപ്പെട്ട മജിസ്ട്രേറ്റിനെ കൊണ്ട് സാക്ഷ്യപ്പെടുത്തി തെളിവിനായി കോടതിയിൽ സമർപ്പിക്കുന്നു. ടി മദ്യം അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അബ്കാരി ആക്ടിലെ 67 ബി വകുപ്പ് പ്രകാരം സർക്കാരിലേയ്ക്ക് കണ്ട് കെട്ടുകയും അതിന് ശേഷം സ്പിരിറ്റ് ഒഴികെയുള്ളവ എക്സൈസ് കമ്മീഷണർ അദ്ധ്യക്ഷനായ ഡിസ്പോസൽ കമ്മിറ്റിയുടെ അനുമതിയോടെ പ്രകൃതിക്ക് ദോഷം വരാത്ത വിധത്തിൽ നശിപ്പിക്കുകയും സ്പിരിറ്റ് സർക്കാരിലേയ്ക്ക് മുതൽ കൂട്ടുകയും ചെയ്യുന്നു. |
| (ഡി) | പ്രസ്തുത കാലയളവിൽ എക്സൈസ് വിഭാഗം ഇതുസംബന്ധിച്ച് എത്ര കേസുകളെടുത്തിട്ടുണ്ടെന്നും അതിൽ എത്ര പ്രതികളെ കസ്റ്റഡിയിൽ എടുത്തിട്ടുണ്ടെന്നുമുള്ള വിവരങ്ങൾ നൽകാമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ 2024 ഡിസംബർ 31 വരെ, സംസ്ഥാനത്ത് എക്സൈസ് വകുപ്പ് 69,236 അബ്കാരി കേസുകളും , 24,670 എൻഡിപിഎസ് കേസുകളും, 2,89,219 കോട്പ കേസുകളും കണ്ടെത്തി രജിസ്റ്റർ ചെയ്തിട്ടുണ്ട്. അബ്കാരി കേസുകളിൽ 56,204 പേരെയും, എൻഡിപി എസ് കേസുകളിൽ 24,124 പേരെയും ഈ കാലയളവിൽ അറസ്റ്റ് ചെയ്തിട്ടുണ്ട് |

സെക്ഷൻ ഓഫീസർ